**കത്തുകൾ**

# ലവ് ജിഹാദിൽ കുടുങ്ങിയ കമലാ സുറയ്യ?!

'ഞാനറിഞ്ഞ ലവ് ജിഹാദ്' എന്ന പേരിൽ *ജന്മഭൂമി*യിൽ ലീലാമേനോൻ എഴുതിയ ലേഖനം(23/10/09) ബൗദ്ധിക കേരളം വിഷയത്തെ എത്ര ലാഘവത്തോടെയാണ് കൈകാര്യം ചെയ്യുന്നത് എന്നതിന് തെളിവാണ്. കള്ളന് ചൂട്ട് പിടിക്കാൻ വരികൾക്കിടയിൽ കിടന്നുരുളുന്നത് ലീലാമേനോനെ പോലൊരു കോളമിസ്റ്റിൽ നിന്നും ഉണ്ടാവാമോ? ഈ ലേഖനം പ്രസിദ്ധീകരിച്ചതിന് തൊട്ടുടനെയാണ് ബി.ജെ.പി സംസ്ഥാന വൈ. പ്രസിഡന്റ് കെ.പി ശ്രീശൻ കേരളത്തിലെ ലവ് ജിഹാദിന്റെ ആദ്യ ഇര കമലാസുറയ്യയാണെന്ന് വെച്ചു കാച്ചിയത്. യഥാർഥത്തിൽ കമലാസുറയ്യയുടെ മതംമാറ്റത്തെ കർണാടക കോടതി പ്രായപൂർത്തിയായവരെടുക്കുന്ന പക്വമായ തീരുമാനങ്ങളുമായി തുലനം ചെയ്ത് പ്രസ്താവന നടത്തിയപ്പോൾ അതിന്റെ മറപിടിച്ചാണ് ലീലാമേനോൻ ഇങ്ങനെയൊരു നുണ ബോംബ് പൊട്ടിച്ചത്. കമലാ സുറയ്യയെ ജീവിതകാലം മുഴുവനും ശവക്കല്ലറ വരെയും പിന്തുടർന്ന വർഗീയവാദികൾ അവരുടെ ആത്മാവിന് പിന്നാലെയും പാഞ്ഞുപോകുന്നതെന്തിന്? കമലാ സുറയ്യയുടെ മക്കൾ പോലും അറിയുകയോ ഉന്നയിക്കുകയോ ചെയ്തിട്ടില്ലാത്ത കുറെ ജൽപനങ്ങൾ കൊണ്ടെന്ത് ഫലം? അവർ ഇസ്‌ലാം സ്വീകരിച്ചതിന് ശേഷം രചിച്ച കൃതികളും അവരുമായി നടത്തിയ അഭിമുഖങ്ങളും അവരുടെ മക്കളുടെ സമീപനങ്ങളും മാത്രം പരിശോധിച്ചാൽ വ്യക്തമാവുമായിരുന്നു അവരും ഇസ്‌ലാമും തമ്മിലുള്ള സുദൃഢ ബന്ധം.

അമൂല്യമായ വാക്കാണ് സ്നേഹം. അതിനെ ഇന്ന് കാണുന്ന പ്രണയത്തിന് വേണ്ടി മാത്രമാക്കി തീറെഴുതിയത് നമ്മുടെ ദുര്യോഗം. ഇപ്പോൾ അതിന്റെ പേരിൽ ഒരു ജിഹാദ് വിവാദവും പൊട്ടിപ്പുറപ്പെട്ടിരിക്കുന്നു. കൗമാര യൗവനങ്ങളിൽ നാമ്പിടുന്ന പ്രണയ ചാപല്യങ്ങൾക്ക് കൊട്ടും കുരവയുമായി പിന്നണിഗാനവും പശ്ചാത്തല സംഗീതവുമൊരുക്കി ഇവിടുത്തെ മാധ്യമ മുത്തശ്ശിമാരും, കച്ചവടക്കണ്ണല്ലാതെ സമൂഹത്തോട് യാതൊരു പ്രതിബദ്ധതയുമില്ലാത്ത മാധ്യമ കേസരികളും നിറഞ്ഞാടുകയായിരുന്നു. കാമുകീ കാമുകൻമാർ ചെയ്യുന്നതൊന്നും ഒരു മതത്തിന്റെ പേരിലും വരവു വെക്കാവതല്ല. ഇത്തരം മക്കളുടെ രക്ഷിതാക്കളായി എല്ലാ മതത്തിൽപെട്ടവരും ഉണ്ട് എന്നതാണ് സത്യം. സിൽജയുടെയും മിഥുലയുടേയും ബിനോയുടെയും രക്ഷിതാക്കളുടെ നിയമ നടപടികളുടെ നീക്കത്തിനുപിന്നിൽ ലവ് ജിഹാദിനെക്കുറിച്ച ആശങ്കയല്ല, മറിച്ച് അവരുടെ ഹൃദയങ്ങളിലെ നെടുവീർപ്പുകളും നൊമ്പരങ്ങളും ആണ് പ്രേരണയായി വർത്തിക്കുന്നത്. അതൊപ്പിയെടുക്കാൻ ശേഷിയോ മൂല്യബോധമോ ഇവിടെ ഒരു തൂലികക്കും കാമറക്കണ്ണിനുമില്ല.

ഒരാൾക്കും ദൈവം ഇത്ര ആളുകളെ മുസ്‌ലിം ആക്കണമെന്ന ക്വാട്ട കൊടുത്തിട്ടില്ല. അതുകൊണ്ട് തന്നെ ആ ഒരു ഉദ്ദേശ്യത്തോടെ ഒരു സംഘടന ആവശ്യവുമില്ല. ഇസ്‌ലാമിൽ ഒരു പെണ്ണിനേയും (ഏത് മതത്തിൽപ്പെട്ടതായാലും) ഒരുത്തന് ഒറ്റക്ക് കൂട്ടിക്കൊണ്ട് പോയി കല്ല്യാണം കഴിക്കാൻ വകുപ്പില്ല. അങ്ങനെയാരെങ്കിലും സ്വന്തമാക്കിയാൽ ഇസ്‌ലാമിന്റെ ചെലവിൽ വരവ് വെക്കാവുന്നതുമല്ല. അത് അവിഹിത ബന്ധമാണ്; ഇസ്‌ലാമിൽ അതിനുള്ള ശിക്ഷ ഭയാനകവുമാണ്.

പ്രണയ വിവാഹങ്ങൾക്ക് ശേഷം ഒരുപാട് പെൺകുട്ടികളെ കാണാതായിട്ടുണ്ടെന്നാണ് ആരോപണം. ഒരു സമുദായ സംഘടനാ നേതാവ് ഉറക്കിൽനിന്ന് ഞെട്ടിഉ

ണർന്ന് അതിൽ കുറച്ച് പെൺകുട്ടികൾ പാകിസ്താനിലുണ്ടെന്ന് വരെ പറഞ്ഞുകളഞ്ഞു. ഇതൊക്കെ ഒപ്പിയെടുത്ത് രസമൂട്ടാൻ മാധ്യമ കേസരികളും രംഗത്തുവന്നു. ഏതായാലും ഇത്തരത്തിൽ കാണാതായ 19 പെൺകുട്ടികളെ അയൽ സംസ്ഥാനമായ കർണാടകയിലെ ബണ്ടുവാൾ സ്വദേശി മോഹൻകുമാർ കുഴിച്ചെടുത്തു തരാമെന്ന് പറഞ്ഞിട്ടുണ്ട്!

ലീലാമേനോൻ തന്റെ ലേഖനത്തിൽ മതപരിവർത്തനത്തെ എതിർക്കുന്നുണ്ട്. (*ജന്മഭൂമി*യിലെ സബ് എഡിറ്ററെ മതം മാറിയതിന്റെ പേരിൽ മാറ്റിനിർത്തിയ സാഹചര്യം മുൻനിർത്തി) പെറ്റുവീണ മതത്തിൽ തന്നെ തുടരണമെന്ന അവരുടെ സമീപനം തികച്ചും ബാലിശമല്ലേ? ചിന്തിക്കുന്ന മനുഷ്യർക്ക് കൊടുക്കേണ്ട ഉപദേശമാണോ ഇത്? ജീവിതത്തെക്കുറിച്ചും പ്രണയത്തെക്കുറിച്ചുമുള്ള ഒരാളുടെ വീക്ഷണം മാറുന്നതിൽ എന്താണ് തെറ്റ്? ഒരു മതത്തിൽ നിന്നും വേറൊരു മതത്തിലേക്ക് പോകുന്നവരെയും വരുന്നവരെയും നമുക്ക് സ്വാഗതം ചെയ്തു കൂടേ? അതല്ലേ ഹൃദയ വിശാലത? ഇന്ത്യയിൽ ജനിച്ചവൻ ഇന്ത്യയിൽതന്നെ മരിക്കണമെന്നാണോ? കമ്യൂണിസ്റ്റ് കുടുംബത്തിൽ ജനിച്ചവൻ കമ്യൂണിസ്റ്റായി തന്നെ മരിക്കണമെന്നാണോ? ഇതൊക്കെയാണോ ഒരു പത്രപ്രവർത്തകയുടെ സത്യസന്ധത?

**ഫാറൂഖ് ഉസ്മാൻ കുഞ്ഞിമംഗലം**

# നപുംസക പ്രയോഗത്തിന് പിന്നിൽ

**ജിഹാദിനെക്കുറിച്ച്** കേരളത്തിൽ വ്യാപകമായ ചർച്ച നടക്കുകയാണ്. ഇംഗ്ലീഷും അറബിയും ചേർന്ന ഈ നപുംസക പ്രയോഗം മുസ്‌ലിം സമുദായത്തെ അങ്ങേയറ്റം അപകീർത്തിപ്പെടുത്തുന്നതാണ്. വളരെക്കാലം മുതലേ ഇവിടെ മിശ്ര വിവാഹങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. പ്രേമിക്കുന്നവർക്ക് ജാതിയും മതവും ഒന്നും ഒരു പ്രശ്നമല്ല.

സത്യത്തിൽ ലവ് ജിഹാദ് ഒരു ഭാവനാ സൃഷ്ടിയാണ്. മുസ്‌ലിംകളെ കൂടുതൽ ഒറ്റപ്പെടുത്തുന്നതിനുള്ള കുതന്ത്രം. ഇതുവരെ പറഞ്ഞിരുന്നത് തീവ്രവാദികൾ എന്നായിരുന്നു. അത് തേഞ്ഞ് മൂർച്ച കുറഞ്ഞപ്പോൾ പുതിയ ഭീകര പ്രയോഗം കണ്ടെടുക്കുന്നു - ലവ് ജിഹാദികൾ. മുസ്‌ലിം യുവാക്കളെല്ലാം ലവ് ജിഹാദ് ഭീകരന്മാരാണെന്ന് വരുത്തിത്തീർക്കുകയാണ് ഈ ക്ഷുദ്ര പ്രയോഗത്തിലൂടെ.

ഡി.ജി.പി തന്നെ കേരളത്തിൽ ലവ് ജിഹാദ് പ്രസ്ഥാനമോ സംഘടനയോ ഇല്ലെന്ന് സത്യവാങ്മൂലം നൽകിയിരിക്കുന്നു. ഡി.ജി.പിയെ അവിശ്വസിക്കേണ്ട കാര്യം കേരള ഹൈക്കോടതിക്കില്ല. ഡി.ജി.പി കളവ് പറഞ്ഞതാണെങ്കിൽ അദ്ദേഹത്തെ മാതൃകാപരമായി ശിക്ഷിക്കാനും ഹൈക്കോടതിക്ക് അധികാരം ഉണ്ടല്ലോ.

കേരളത്തിലെ മഹത്തായ മതമൈത്രി തകർത്ത് തരിപ്പണമാക്കി ഇവിടെ വർഗീയമായ ചേരിതിരിവ് സൃഷ്ടിക്കലാണ് ലവ് ജിഹാദിന്റെ ലക്ഷ്യം. സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങൾ ഇവിടെ അനുദിനം സങ്കീർണമായി വരുമ്പോൾ ലവ് ജിഹാദ് പ്രയോഗത്തിലൂടെ വലിയ തോതിൽ ജനശ്രദ്ധ തിരിച്ചുവിടാനായേക്കും. ഇത് തിരിച്ചറിയാനുള്ള ചിന്താ പ്രബുദ്ധത കേരള ജനതക്കുണ്ട്.

**പുതുപ്പണം ഗഫൂർ പെരിങ്ങാടി**

# സർവമതസംവാദ സദസ്സുകൾ കൂടുതലുണ്ടാവേണ്ടത് ഇന്ത്യയിൽ

**ജനീവാ** ഉച്ചകോടിയെക്കുറിച്ച് എം.ഡി നാലപ്പാട്ടും ഡോ. അബ്ദുസ്സലാം വാണിയമ്പലവും എഴുതിയ ലേഖനങ്ങൾ ലോകത്ത് മതസംഘർഷങ്ങളുടെ മഞ്ഞുരുക്കം കൊതിക്കുന്നവർക്ക് ഏറെ പ്രതീക്ഷ നൽകുന്നു. ജനീവാ ഉച്ചകോടിക്ക് അർഥവത്തായ തുടർച്ചകൾ ഉണ്ടാവേണ്ടതുണ്ട്. മതങ്ങൾ തമ്മിലുള്ള സഹവർത്തിത്വം മുമ്പെന്നത്തെക്കാളുമേറെ ആവശ്യമായിക്കൊണ്ടിരിക്കുന്ന സമയമാണിത്. മുതലാളിത്തം കൂടുതുറന്നുവിട്ട ലാഭേഛയെന്ന ആശയം സമൂഹത്തെ ഭ്രാന്തമായി ആവേശിക്കുകയും ആർത്തി-മാത്സര്യങ്ങളുടെ കെടും സ്ഥലികളായി മനുഷ്യമനസ്സുകൾ മാറുകയും ചെയ്ത നടപ്പുകാലത്ത് മതങ്ങൾക്ക് തീർച്ചയായും ചില കൂട്ടുത്തരവാദിത്വങ്ങളുണ്ട്.

യുഗപ്രഭാവന്മാരായ ഗുരുക്കന്മാരും പ്രവാചകന്മാരും കഠിനപ്രയത്നത്തിലൂടെ മെരുക്കിയെടുത്ത മനുഷ്യനിലെ ജന്തുതയെ ഉണർത്തി തുടലൂരി വിട്ടുകൊണ്ടിരിക്കുകയാണ് ആധുനികാനന്തരലോകം. നിങ്ങളുടെ ആസക്തികൾ നീചമല്ലെന്നും അതിനാൽതന്നെ അവയെ പ്രതി ലജ്ജിക്കേണ്ടതില്ലെന്നുമുള്ള പുതുപാഠങ്ങൾ ഉരുവിട്ട് പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ് മുതലാളിത്തം. മനുഷ്യന്റെ മൗലിക ചോദനകളെ ആഘോഷിക്കൂ എന്നാണത് നിരന്തരം വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നത്. പരിധികളില്ലാത്ത സ്വാതന്ത്ര്യത്തിന്റെ ലോകത്തേക്കാണ് ആഗോളീകരണം ലോകത്തെ ക്ഷണിക്കുന്നത്.

ദൈവപ്രോക്ത ദർശനങ്ങളുടെ വക്താക്കളെന്ന നിലക്ക് മതനേതാക്കൾക്ക് ഈ പ്രവണതയെ ഉച്ചസ്ഥായിയിൽ അപലപിക്കാൻ കഴിയേണ്ടതുണ്ട്. ഏതെങ്കിലുമൊരു മതവിഭാഗം വിചാരിച്ചാൽ പ്രതിരോധം തീർക്കാനാവാത്തത്ര പ്രചണ്ഡമായിരുന്നു പൈശാചികതയുടെ വിളയാട്ടം. മതവിശ്വാസികൾ അന്യോന്യം പാലിക്കുന്ന അകലങ്ങളിൽനിന്ന് അടുത്തുവന്ന് ഈ ലോകത്തെ നന്നാക്കിയെടുക്കുക എന്ന കഠിന്മായ പണിയിലേർപ്പെടേണ്ടതുണ്ട്. സംസ്കാരങ്ങളുടെ സഹവർത്തിത്വം താഴേ തട്ടിൽനിന്ന് തുടങ്ങേണ്ടതുണ്ട്. വ്യത്യസ്ത മതങ്ങളിലെ ആളുകൾ പരസ്പരം അറിഞ്ഞും അടുത്തും ഇടപഴകുമ്പോൾ സ്പർധകൾ അകന്ന് മറയും. സംഘട്ടനത്തിന് പകരം സംവാദത്തിന്റെ സംസ്കാരം രൂപപ്പെട്ടു വരട്ടെ. ഒന്നു മറ്റൊന്നിനെ കീഴൊതുക്കുക എന്ന ലക്ഷ്യത്തോടെയാവരുത് ഈ സംവാദങ്ങൾ; മതാനുയായികൾക്കിടയിൽ നിലനിൽക്കുന്ന പരസ്പര വൈരം ഇല്ലാതാക്കാനും സമാധാനാന്തരീക്ഷം നിലനിർത്താനുമായിരിക്കണം. അടുത്തറിയുമ്പോൾ ഏത് മതത്തിന്റെയും കലവറയിൽ സമ്പുഷ്ടമായ ആശയങ്ങളുടെ അമൂല്യനിധികളുണ്ടെന്ന് ബോധ്യപ്പെടും. ഒപ്പം അവ തമ്മിൽ അറുത്ത് മാറ്റാനാവാത്ത ജൈവിക ബന്ധമുണ്ടെന്നും.

ഓരോ മതത്തിനുള്ളിലെയും ഭീകരവാദ-സങ്കുചിതവാദ അടരുകളെ ഇല്ലായ്മ ചെയ്യാനുള്ള ഏക മാർഗവും ആശയസംവാദങ്ങളാണ്. സംസ്കൃതികൾ അടുത്തറിയുമ്പോൾ പരസ്പരം വെറുക്കാനോ വിദ്വേഷം വെച്ചുപുലർത്താനോ സാധിക്കാതെ വരും. സങ്കുചിതവാദികളുടെയും ഭീകരവാദികളുടെയും ഊഹാപോഹ പ്രചാരണങ്ങളും വിഷം ചീറ്റലുകളും ഫലിക്കാതെയാവും.

ജനീവ ഉച്ചകോടിപോലുള്ള സർവമതസംവാദ സദസ്സുകൾ ബഹുമത സംഗമഭൂമിയായ ഇന്ത്യയിലാണ് കൂടുതൽ ഉണ്ടാവേണ്ടത്. മതങ്ങൾക്കിടയിലെ സൗഹൃദത്തിന് അർഥവത്തായ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ ജമാഅത്തെ ഇസ്ലാമിക്ക് ഈ രംഗത്ത് കൂടുതൽ പങ്ക് വഹിക്കാൻ കഴിയേണ്ടതുണ്ട്. പ്രസ്ഥാനം ഈ രംഗത്ത് കൂടുതൽ ശ്രദ്ധ ചെലുത്തുമെന്ന് ആശിക്കുന്നു.

**സ്നേഹവ്രതൻ പൂക്കോട്ടൂർ**

# *പ്രബോധന*ത്തിലെ കഥകൾ

***പ്രബോധനം*** മാസികയായി പ്രസിദ്ധീകരണമാരംഭിച്ച കാലത്ത് തന്നെ വായിക്കാറുണ്ടായിരുന്നു. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ശബ്ദമുയർത്തിക്കൊണ്ടുള്ള കഥകളും അക്കാലത്തെ *പ്രബോധനം* പ്രസിദ്ധീകരിച്ചിരുന്നു. വായിച്ചിരുന്നത് അധികവും കഥകളാണ്. അതിൽ മൂന്നെണ്ണം എന്റെ ഓർമയിൽ ഇപ്പോഴും അവശേഷിക്കുന്നു.

ഒന്ന്: പള്ളി സ്ഥിതി ചെയ്യുന്ന ഖബർസ്ഥാനിൽ പള്ളിക്കടുത്ത് തന്നെ ഒരു ദിവ്യന്റെ മഖ്ബറ. ദിവ്യന്റെ ആണ്ടുനേർച്ച ഉത്സവത്തിൽ ആനയെ എഴുന്നള്ളിക്കുന്നു. എഴുന്നള്ളത്തിനിടെ ആന വിരണ്ടോടി. ഓട്ടത്തിൽ നേർച്ചക്ക് തടിച്ചുകൂടിയ ജനം പ്രാണരക്ഷാർഥം തലങ്ങും വിലങ്ങും മരണപ്പാച്ചിലായി. അതിനിടെ ജാറത്തിനടുത്തു കത്തിച്ചുവെച്ചിരുന്ന നിലവിളക്ക് മറിഞ്ഞുവീണു അവിടെയാകമാനം തീ പടർന്നു. ജാറവും നേർച്ചക്ക് കച്ചവടത്തിനായി കെട്ടിയുണ്ടാക്കിയ കടകളും അഗ്നിക്കിരയായി. അങ്ങനെ പലതും കത്തിനശിച്ചെങ്കിലും ഒരു പോറലുപോലുമേൽക്കാതെ സുരക്ഷിതമായി അവശേഷിച്ച ഒരു ഗ്രന്ഥമുണ്ടായിരുന്നു - വിശുദ്ധ ഖുർആൻ!

രണ്ട്: മുഹ്‌യിദ്ദീൻ ശൈഖിന്റെ പേരിൽ ബലികഴിക്കാൻ നേർച്ചയാക്കിയ ഒരു കോലാടുണ്ടായിരുന്നു. ഈ ആട് പകൽ മുഴുവൻ തെരുവിൽ അലഞ്ഞു നടക്കും. നേർച്ചയാടല്ലേ, പലരും അതിനു തീറ്റകൊടുക്കും. രാത്രി ഏതെങ്കിലും പീടിക കോലായിൽ അന്തിയുറങ്ങും. അങ്ങനെയിരിക്കെ തടിച്ചു കൊഴുത്ത ഈ ആടിനെ ഒരാൾ കട്ടുകൊണ്ട് പോയി അറുത്തു. അതിന്റെ മാംസം അയൽവാസികൾക്കിടയിലും വിതരണം ചെയ്തു. ഈ രഹസ്യം ചിലർക്കറിയാമായിരുന്നു. ആടിന്റെ മാംസം ഭക്ഷിച്ചവർക്കെല്ലാം ഛർദിയും അതിസാരവും! ചിലർക്ക് ഉന്മാദരോഗവും! എങ്ങനെ രോഗം പിടിപെടാതിരിക്കും, നേർച്ച ആടിന്റെ ഇറച്ചിയല്ലേ തിന്നത്? ചിലർ അങ്ങനെ പറഞ്ഞു. എന്നാൽ സത്യമതായിരുന്നില്ല. നേർച്ച ആടിന് ആദ്യമേ എന്തോ രോഗമുണ്ടായിരുന്നു. മാത്രമല്ല, കശാപ്പു ചെയ്യപ്പെടുന്നതിന്റെ മൂന്ന് ദിവസം മുമ്പ് ആടിനെ ഒരു ഭ്രാന്തൻ നായയും കടിച്ചിരുന്നു!

മൂന്ന്: വർഷങ്ങൾനീണ്ട ദാമ്പത്യ ജീവിതത്തിൽ ഒരു കുഞ്ഞിക്കാൽ കാണാൻ കഴിയാത്ത നിർഭാഗ്യവതിയായ ഒരു സ്ത്രീ. വൈദ്യപരിശോധനക്കോ ചികിത്സക്കോ ഒരു കുറവുമില്ല. അവർ ഒരു സ്നേഹിതയുടെ നിർദേശപ്രകാരം സന്താനലബ്ധിക്കായി മന്ത്രവാദം നടത്താൻ ഒരു ദിവ്യനെ സമീപിക്കുന്നു. "വരുന്ന പതിനാലാം രാവ് 12 മണി കഴിഞ്ഞ് നിന്റെ കെട്ടിയോൻ ഉറങ്ങുമ്പോൾ വാതിൽ തുറന്ന് പുറത്തു പോകണം. അവിടെ നിന്നെയൊരു ജിന്ന് കാത്തിരിക്കും. ജിന്നിനെ തൊടുന്നതല്ല, ജിന്നിനെ കാണുന്നതു തന്നെ വലിയ ഭാഗ്യമാണ്. തൊട്ടാലോ കുട്ടികളെന്നല്ല സുവർക്കം തന്നെ കിട്ടും. പിന്നെയെന്തിന് പേടിക്കണം -എന്തിന് അമാന്തിക്കണം" എന്നായിരുന്നു ദിവ്യന്റെ ഉപദേശം. എന്നാൽ ആ സന്താന രഹിതയെ സമീപിച്ചതോ ജിന്നിന്റെ വേഷം കെട്ടിവന്ന പ്രസ്തുത ദിവ്യൻ തന്നെ!

ഈ കഥകൾ ആരൊക്കെയാണ് എഴുതിയതെന്ന് ഓർമയില്ല. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ഇക്കാലത്തും പ്രബോധനത്തിൽ കഥകൾ പ്രസിദ്ധീകരിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് ആൾദൈവങ്ങളും അവരുടെ ദല്ലാളുകളും സാമൂഹികാന്തരീക്ഷം പ്രക്ഷുബ്ധമാക്കുന്ന ഈ കാലത്ത്.

**കെ.എം മമ്മു കക്കോടി**

# വിട്ടുവീഴ്ചയുടെ സംസ്കാരം

**കെ.സി** സലീം എഴുതിയ 'സഹിഷ്ണുതയുടെ സംസ്കാരം' (ലക്കം 17) എന്ന ലേഖനത്തിൽ, ഇസ്‌ലാമിന്റെ വിശാല കാഴ്ചപ്പാടിനെ കുറിച്ച് വായ്തോരാതെ പ്രസംഗിക്കുകയും എഴുതുകയും ചെയ്യുന്നവരിൽ പോലും അറിഞ്ഞോ അറിയാതെയോ സംഭ

വിക്കുന്ന അസഹിഷ്ണുതയെക്കുറിച്ചാണ് പറയുന്നത്. കർമശാസ്ത്ര വിഷയങ്ങളിൽ ഇത് മുഴച്ചു കാണാം. ചില പള്ളികളിൽ നമസ്കരിക്കാൻ കയറിയാൽ വുദു എടുക്കുന്നത് മുതൽ നമസ്കരിച്ച് സലാം വീട്ടുന്നതുവരെ ഒരായിരം തെറ്റുകുറ്റങ്ങൾ കണ്ടുപിടിച്ച് മയമില്ലാത്ത ഭാഷയിൽ വിമർശിക്കുന്ന പലരെയും കണ്ടിട്ടുണ്ട്. നമസ്കാരം തന്നെ വേണ്ടെന്ന് വെച്ചാലോ എന്ന് തോന്നിപ്പോകുന്ന വിധമാണ് അത്തരക്കാരുടെ പെരുമാറ്റങ്ങൾ.

വിശാലമായ ഇസ്‌ലാമിക നിയമങ്ങളെ നിഷ്പ്രഭമാക്കുന്ന ഇത്തരം ശീലങ്ങൾ മാറ്റിയെടുക്കേണ്ടതുണ്ട്. തെറ്റുകൾക്കെതിരെയുള്ള പ്രതികരണങ്ങളിൽ മിതത്വവും സഹിഷ്ണുതയും ഇല്ലെങ്കിൽ സൽഫലങ്ങൾ ഉണ്ടാവില്ലെന്ന് മാത്രമല്ല നേർ വിപരീത ഫലങ്ങൾ ഉണ്ടാവുകയും ചെയ്യും. അതുകൊണ്ടാണ് സദുപദേശത്തോടും സഹിഷ്ണുതയോടും കൂടി സംവദിക്കാൻ ഖുർആൻ ആവശ്യപ്പെടുന്നത്. തന്റെ മനസ്സിൽ സത്യമാണെന്ന് തോന്നുന്ന കാര്യങ്ങൾ മറ്റൊരാൾ സത്യമായി അംഗീകരിച്ച് കൊള്ളണമെന്നില്ല. നേരെ മറിച്ചും സംഭവിക്കാം. അതിനാൽ സുമനസുകളെ കീഴടക്കാൻ സ്നേഹ സംവാദത്തിന് മാത്രമേ കഴിയൂ. "നിങ്ങൾ മറ്റു മതസ്ഥരെയോ അവരുടെ ആരാധ്യരെയോ അപഹസിക്കരുത്" എന്ന് ഖുർആനിൽ പറഞ്ഞ സൂക്തത്തിൽ ഏറെ ചിന്തിക്കേണ്ട ഒരു പരാമർശമുണ്ട്; "എല്ലാ ഓരോ ജനവിഭാഗത്തിനും അവരവരുടെ ചെയ്തികൾ നാം ചേതോഹരമാക്കിയിരിക്കുന്നു."

വ്യത്യസ്ത കാഴ്ചപ്പാടുകൾ മനുഷ്യരിൽ ഉണ്ടാക്കിയത് അല്ലാഹുവാണ്. യഥാർഥ കാഴ്ചപ്പാടിലേക്ക് ഹിക്മത്തോടെ(നയം)യും മൗഇദത്തോടെ(സഹിഷ്ണുത)യും ക്ഷണിക്കാൻ ആവശ്യപ്പെടുന്നതും അല്ലാഹുവാണ്. അതുകൊണ്ട് തന്നെ സ്വസമുദായത്തിലും ബഹുസ്വരസമൂഹത്തിലുമൊക്കെ ഒരുപോലെ പ്രയോഗിക്കേണ്ട അടിസ്ഥാന തത്ത്വമാണത്; ഏറെ അറിയേണ്ടതും അറിയാതെ പോയതുമായ തത്ത്വം. ഏറ്റുമുട്ടലുകളും അടിച്ചിരുത്തലുകളും കുറ്റപ്പെടുത്തലുകളുമൊക്കെ ഉദ്ദിഷ്ട ഫലപ്രാപ്തിക്ക് തടസ്സങ്ങളാണ്.

വർഷങ്ങൾക്ക് മുമ്പുണ്ടായ ഒരനുഭവം. ഒമാനിൽ ഒരു സ്പോൺസറുടെ കീഴിൽ ജോലി നോക്കുകയായിരുന്നു. ജോലിക്കാരിൽ ഞാൻ മാത്രമാണ് മുസ്‌ലിം. ഒരു പെരുന്നാൾദിനം എന്റെ സഹപ്രവർത്തകരിൽ കുറെപേർ ഞങ്ങൾ താമസിക്കുന്ന മുറിയിൽ വന്ന് മദ്യപിച്ച് ബഹളംവെച്ചു. ഞാൻ സ്പോൺസറുടെ വീട്ടിൽചെന്ന് പരാതി പറഞ്ഞു. കോപം കൊണ്ട് വിറക്കുകയും ഉച്ചത്തിൽ സംസാരിക്കുകയും ചെയ്തിരുന്നു. അവരെയെല്ലാം നാട്ടിലേക്ക് പറഞ്ഞു വിടാനും ആവശ്യപ്പെട്ടു. ഇസ്‌ലാമിക പണ്ഡിതനായ സ്പോൺസർ (അദ്ദേഹം ഔഖാഫിൽ ഉദ്യോഗസ്ഥനായിരുന്നു) എന്റെ ആവശ്യം അംഗീകരിക്കുമെന്ന് തന്നെ ഞാൻ പ്രതീക്ഷിച്ചു. പക്ഷേ, സ്വതസിദ്ധമായ പുഞ്ചിരിയും തണുത്ത പ്രതികരണവും ഏറ്റുവാങ്ങി എനിക്ക് നിരാശയോടെ തിരിച്ചുപോരേണ്ടിവന്നു. അദ്ദേഹം പറഞ്ഞത്, "നീ ചായകുടിക്കുന്നതു പോലെയാണ് അവർക്ക് മദ്യം. അതിലെ തെറ്റ് അവർക്കറിയില്ല. സ്നേഹത്തോടെ അവരെ അതിൽനിന്നും പിന്തിരിപ്പിക്കുക!" എന്നായിരുന്നു വർഷങ്ങൾക്ക് ശേഷമാണ് അദ്ദേഹം പറഞ്ഞതിന്റെ മാധുര്യം അൽപാൽപമായി എനിക്ക് ബോധ്യപ്പെട്ടത്.

ദീനീ വിഷയങ്ങളിൽ കലിതുള്ളി പ്രതികരിക്കുന്ന രീതി സമൂഹത്തിൽ സർവസാധാരണമാണ്. മതത്തെ സംബന്ധിച്ച അറിവിന്റെ കുറവും അതിരു കടന്ന അനുഷ്ഠാന വ്യഗ്രതയും തന്നെയാണ് ഇതിന് ഹേതു.

**കെ.കെ ഹമീദ് മനക്കൊടി, തൃശൂർ**

## ആ ലേഖനങ്ങൾ സമാഹരിച്ചുകൂടേ?

***പ്രബോധന*ത്തിന്റെ** പഴയകാല ലക്കങ്ങളിലൂടെ കടന്നുപോകുമ്പോൾ വൈവിധ്യമാർന്ന ഒരുപാട് ഈടുറ്റ ലേഖനങ്ങൾ കാണുന്നു. ഇത്തരം ലേഖനങ്ങൾ സമാഹരിച്ച് എഡിറ്റ് ചെയ്ത് പ്രസിദ്ധീകരിച്ചുകൂടേ? മൺമറഞ്ഞ പണ്ഡിതന്മാരുടെയും എഴുത്തുകാരുടെയും ലേഖനങ്ങൾക്കാണ് സമാഹരിക്കുമ്പോൾ പ്രാമുഖ്യം കൊടുക്കേണ്ടത്.

**ടി. നാഫിഅ് കോഴിക്കോട്**

## വിദ്വേഷം ഇസ്‌ലാമിക ചിഹ്നങ്ങളോടും

**'പ്രണയത്തിനെതിരെ** ജിഹാദ് വിളിക്കുന്നവര്‍' എന്ന കവര്‍സ്റ്റോറി(ലക്കം 21) അവസരോചിതമായി. ഒരു പുതിയ വിഷവിത്തിറക്കി വിളകൊയ്യാന്‍ കാത്തിരിക്കുന്ന തല്‍പരകക്ഷികളുടെയും അവരെ പ്രോത്സാഹിപ്പിക്കുന്നവരുടെയും തനിനിറം വ്യക്തമാക്കുന്നു ലേഖനം. പാശ്ചാത്യ രാജ്യങ്ങളിലേതു പോലെ നമുക്കിടയിലും മുസ്‌ലിം വേഷവിധാനങ്ങളെ അസഹിഷ്ണുതയോടെ കാണുന്നവരുണ്ട്. മുസ്‌ലിം സമുദായത്തിന്റെ, പ്രത്യേകിച്ചു പെണ്‍കുട്ടികളുടെ വിദ്യാഭ്യാസ രംഗത്തെ പുരോഗതിയാണ് ശത്രുക്കളുടെ ഉറക്കം കെടുത്തുന്നത്. ഇസ്‌ലാമിക ചിഹ്നങ്ങളോടും വസ്ത്രധാരണ രീതിയോടും കടുത്ത വിദ്വേഷം പുലര്‍ത്തുന്നവര്‍ അധ്യാപകരിലുമുണ്ട്. താടി നീട്ടി തൊപ്പിയോ തലപ്പാവോ ധരിച്ചു ക്ലാസില്‍ വരുന്ന ആണ്‍കുട്ടികളെ പരിഹസിക്കുന്നതും അപൂര്‍വമല്ല.

**അബൂസലാഹ് ഫൈസി**
**ചെമ്മാണിയോട്**